**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 538** **23-02-2022 - ൽ മറുപടിയ്ക്ക്**

**മലബാർ സിമന്റ്സിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | മലബാർ സിമന്റ്സിന്റെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | മലബാർ സിമന്റ്സ് ലിമിറ്റഡിന്റെ നിലവിലെ ഉത്പാദനവും വിപണനവും ഉത്പാദന ശേഷിക്ക് ആനുപാതികമായി വർദ്ധിപ്പിച്ച് പ്രവർത്തനം വിപുലപ്പെടുത്തുന്നതിനുള്ള നടപടികൾ ഇതിനകം തന്നെ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി വകുപ്പ് മന്ത്രിയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും കമ്പനി സന്ദർശിച്ച് പ്രവർത്തനം വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ കൃത്യമായ ഇടവേളകളിൽ കമ്പനിയുടെ പ്രവർത്തനം അവലോകനം ചെയ്തുവരികയാണ്. സിമന്റ് ഉത്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 0.3 മില്യൺ ടൺ ഉത്പാദന ശേഷിയുള്ള സിമന്റ് ബ്ളെൻഡിങ് ടെർമിനൽ കൊച്ചിൻ പോർട്ട് ട്രസ്റ്റിൽ സ്ഥാപിക്കുന്ന പദ്ധതിയ്ക്ക് പരിഷ്കരിച്ച ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. ഇതോടോപ്പം തന്നെ 0.3 മില്യൺ ടൺ ഉല്പാദനശേഷിയുള്ള സിമന്റ് ഗ്രൈൻഡിങ് യൂണിറ്റ് കണ്ണൂരിൽ തുടങ്ങുന്നതിനും കമ്പനി ലക്ഷ്യമിടുന്നു. ഇത്തരത്തിൽ മലബാർ സിമന്റ്സ് ലിമിറ്റഡിൽ സിമന്റ് ഉത്പാദനം വർദ്ധിപ്പിച്ച് കമ്പനിയെ കൂടുതൽ ലാഭകരമാക്കുന്നതിനും സംസ്ഥാനത്തെ സിമെന്റ് വിപണിയിൽ ഇടപെട്ട് വില നിയന്ത്രിക്കുന്നത് ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് സർക്കാർ നടത്തി വരുന്നത്. |
| (ബി) | മലബാർ സിമന്റ്സിന്റെ ഉൽപാദനവും വിപണനവും ഉയർത്തുന്നതിന് എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | (ബി) | മലബാർ സിമന്റ്സ് ലിമിറ്റഡിന്റെ നിലവിലെ ഉത്പാദനവും വിപണനവും ഉത്പാദന ശേഷിക്ക് ആനുപാതികമായി വർദ്ധിപ്പിച്ച് പ്രവർത്തനം വിപുലപ്പെടുത്തുന്നതിനുള്ള നടപടികൾ ഇതിനകം തന്നെ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി വകുപ്പ് മന്ത്രിയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും കമ്പനി സന്ദർശിച്ച് പ്രവർത്തനം വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ കൃത്യമായ ഇടവേളകളിൽ കമ്പനിയുടെ |

| | | | |
|---|---|---|---|
| | | | പ്രവർത്തനം അവലോകനം ചെയ്തുവരികയാണ്. സിമന്റ് ഉത്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 0.3 മില്യൺ ടൺ ഉത്പാദന ശേഷിയുള്ള സിമന്റ് ബ്ളെൻഡിങ് ടെർമിനൽ കൊച്ചിൻ പോർട്ട് ട്രസ്റ്റിൽ സ്ഥാപിക്കുന്ന പദ്ധതിയ്ക്ക് പരിഷ്കരിച്ച ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. ഇതോടോപ്പം തന്നെ 0.3 മില്യൺ ടൺ ഉല്പാദനശേഷിയുള്ള സിമന്റ് ഗ്രൈൻഡിങ് യൂണിറ്റ് കണ്ണൂരിൽ തുടങ്ങുന്നതിനും കമ്പനി ലക്ഷ്യമിടുന്നു. ഇത്തരത്തിൽ മലബാർ സിമന്റ്സ് ലിമിറ്റഡിൽ സിമന്റ് ഉത്പാദനം വർദ്ധിപ്പിച്ച് കമ്പനിയെ കൂടുതൽ ലാഭകരമാക്കുന്നതിനും സംസ്ഥാനത്തെ സിമെന്റ് വിപണിയിൽ ഇടപെട്ട് വില നിയന്ത്രിക്കുന്നത് ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് സർക്കാർ നടത്തി വരുന്നത്. |

സെക്ഷൻ ഓഫീസർ